# തലശ്ശേരി അതിരൂപത

**വിശ്വാസപരിശീലനകേന്ദ്രം**

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - മാർച്ച് 2015

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
(ലൂക്ക 2: 52)

### 1. അതിരൂപതാ മതബോധന കമ്മിറ്റി

2014-15 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2015 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. കമ്മിറ്റി അംഗങ്ങളെല്ലാവരും സംബന്ധിക്കേണ്ടതാണ്. തുടർന്ന് അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം 2 മണി മുതൽ 4 മണിവരെ സന്ദേശഭവനിൽ ചേരുന്നു.

### 2. വിശ്വാസോത്സവം 2015 ഏപ്രിൽ 6 മുതൽ 10 വരെ

വിശ്വാസോത്സവം ഏപ്രിൽ 6 മുതൽ 10 വരെ ആയിരിക്കും വിശ്വാസോത്സവത്തിന്റെ അതിരൂപതാ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവ് ഏപ്രിൽ 6-ാം തീയതി രാവിലെ 9.30 ന് കണ്ണൂർ ഇടവകയിൽ നിർവ്വഹിക്കുന്നു. വർക്കുബുക്കുകൾ നല്കിയിരിക്കുന്ന എണ്ണം അനുസരിച്ച് ഫൊറോനാ കന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും.

### 3. വിശ്വാസോത്സവം ആൽബം

മുൻവർഷങ്ങളിലെപോലെ ഈ വർഷവും കട്ടികൾ ഇടവകാതലത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നേതൃത്വവും കൊടുക്കുമല്ലോ.

**വിഷയം: സമർപ്പിതവർഷം**

സമർപ്പിതരാണ് സഭയുടെ സമ്പത്ത്, സമർപ്പിതജിവിതം ദൈവത്തിന്റെ ദാനം സമർപ്പിതരുടെ ശുശ്രൂഷരംഗങ്ങൾ അവരുടെ ജീവിത സാക്ഷ്യങ്ങൾ എന്നിവ ഉൾകൊള്ളുന്ന ചിത്രങ്ങളും പേപ്പർകട്ടിംഗ്സ്, വാർത്തകൾ എന്നിവ ഉണ്ടായിരിക്കണം.

ഒന്നാനത്തെ ലേഖനം അധ്യാപകരിലൊരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്. കൂടാതെ താഴെകൊടുത്തിരിക്കുന്ന വിഷയങ്ങളെകുറിച്ച് ലേഖനങ്ങഴും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. സമർപ്പിതജീവിതം ദൈവത്തിന്റെ ദാനം. അവർ ആനന്ദത്തിന്റെ സാക്ഷികൾ.
2. കേരളത്തിന്റെ വിദ്യാഭ്യാസ ആതുര രംഗങ്ങളിലെ സമർപ്പിതരുടെ സംഭാവനകൾ
3. സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കേണ്ടത് എപ്രകാരമാണ്.

**ശ്രദ്ധിക്കുക:** ആൽബം കുട്ടികൾതന്നെയാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം: 14 ഇഞ്ച് നീളം 11 ഇഞ്ച് വീതി. 50 പേജിൽ കുടരുത്. ഡിജിറ്റിൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കുന്നത് പരമാവധി കുറക്കേണ്ടതാണ്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 15ന് മുമ്പ് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 20 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുക.

### 4. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 11

1 മുതൽ 9-ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 11-ാം തീയതി ശനിയാഴ്ച 11.30 മുതൽ 1.30 വരെയായിരിക്കും. കലണ്ടറിൽ കൊടുത്തിരിക്കന്ന തിയതിയിൽ മാറ്റം വരുത്തിയിരിക്കുന്നു.

**5. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം**

4, 7, ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തി ഓരോ ക്ലാസ്സിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഒഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**6.'സ്പെഷ്യൽ'വിശ്വാസോത്സവം**

ആർമിസ്കൂളിലും സെന്റർ സ്കൂളിലും പഠിക്കുന്ന കുട്ടികൾക്കായി മാത്രം 2015 മാർച്ച് 5 മുതൽ 7 വരെ ദർശനാ ധ്യാനകേന്ദ്രത്തിൽവച്ച് വിശ്വാസോത്സവം നടത്തുന്നതായിരിക്കും. ക്യാമ്പ് ഫീസ് 450 രൂപ.

**7. ഹെഡ്മാസ്റ്റേഴ്സ് റീജയണൽ കൂട്ടായ്മ**

2014-2015 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മയ നടത്തപ്പെടുന്നു. ഏല്ലാ ഹെഡ്മാസ്റ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് പ്രസ്തുത മിറ്റിംഗിൽ ഒഫീസിൽ അടക്കാനുള്ള വിവിധ തുകകൾ അടച്ച്തീർക്കേണ്ടതാണ് (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയ, ഉപപാഠ XI-ാം ക്ലാസ്).

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 14 | ശനി 9.30 മുതൽ 12.30 വരെ | പനത്തടി, കാഞ്ഞങ്ങാട്, വെള്ളരികുണ്ട്, ചെറുപുഴ, തോമാപുരം, |
| തളിപ്പറമ്പ | മാർച്ച് 14 | ശനി 2.30 മുതൽ 5 വരെ | തളിപ്പറമ്പ, ചെമ്പേരി, ചെമ്പന്തൊട്ടി, ആലക്കോട്, വായട്ടുപറമ്പ്, മേരിഗിരി |
| ഇരിട്ടി | മാർച്ച് 15 | ഞായർ 2.30 മുതൽ 5 വരെ | എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, പൈസക്കരി |

**8. അവധിക്കാല വേദപാഠം ഏപ്രിൽ ക്ലാസ് 24-28**

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ **ഏപ്രിൽ 24 മുതൽ 28 വരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു.** ക്യാമ്പ് ഫീസ് 600 രൂപ. സമയം ഏപ്രിൽ 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 വരെ. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാനപുസ്തകം, പ്രോഗ്രസ്കാർഡ്, ബെഡ്ഷീറ്റ് ടോയ്ലെറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

NB: XII-ാം ക്ലാസ്സുകളിലെ കുട്ടികൾ അസൈൻമെന്റ എഴുതി സമർപ്പിക്കേണ്ടതാണ്.

**വിഷയം: കുടുംബം പ്രഥമ വിശ്വാസപരിശീലന കളരി**

**9. സീറോ മലബാർ പ്രതിഭ**

സീറോ മലബാർ കാറ്റെക്കെറ്റിക്കൽ കമ്മിഷന്റെ നേതൃത്വത്തിൽ 13 രൂപതകളിൽ നിന്ന് തിരഞ്ഞെടുത്ത 12-ാം ക്ലാസ്സിലെ 54 വിദ്യാർത്ഥികൾക്കായി നടത്തിയ സംസ്ഥാനതല പ്രതിഭാസംഗമത്തിൽ വട്ട്യറ സെന്റ് സെബാസ്റ്റ്യൻ സൺഡേസ്കൂളിലെ ജോസഫ് കല്ലങ്കിയിൽ പത്ത് പേരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു. സീറോ മലബാർ സഭാദ്ധ്യക്ഷൻ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി അനുമോദിച്ചു. ജോസഫ് കല്ലങ്കിയിലിന് മതബോധന കേന്ദ്രത്തിന്റെ അനുമോദനങ്ങളും ബഹു. വികാരിയച്ചനും സ്റ്റാഫിനും പ്രത്യേക അഭിനന്ദനങ്ങൾ!

**10. 2015 മതബോധന ഞായർ മെയ് 31**

2015-16 അധ്യായന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിവസമായ മെയ് 31 നായിരിക്കും.

**11. ഡയറക്ടറച്ചന്റെ സന്ദർശനം**

മറ്റപ്പുറംചാൽ ഇടവക സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ